**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**2018 നവംബർ 29, വ്യാഴം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 475**

വൈപ്പിൻ ആർട്സ് ആന്റ് സയൻസ് കോളേജ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്.ശർമ്മ.എം.എൽ.എ** | **ഡോ.ടി.എം.തോമസ് ഐസക്**<br>**( ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| വൈപ്പിൻ ആർട്സ് ആന്റ് സയൻസ് കോളേജിലേക്ക് പ്രിൻസിപ്പൽ, അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് സമർപ്പിച്ച ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | വൈപ്പിൻ ആർട്സ് ആന്റ് സയൻസ് കോളേജിൽ പ്രിൻസിപ്പൽ, മലയാളം/ഹിന്ദി, ഇംഗ്ലീഷ്,കൊമേഴ്സ്, ഫിസിക്കൽ എഡ്യുക്കേഷൻ, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്നുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിക്കുകയും കൊമേഴ്സിനും മാത്തമാറ്റിക്സിനും 2 അദ്ധ്യാപക തസ്തികകൾ വീതം സൃഷ്ടിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മറ്റുള്ള തസ്തികകൾ സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.<br>അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിക്കുകയും താഴെപറയും പ്രകാരം തസ്തികകൾ അനുവദിക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>സീനിയർ സൂപ്രണ്ട് - 1<br>ഹെഡ് അക്കൗണ്ടന്റ് - 1<br>ക്ലാർക്ക് - 2<br>ലൈബ്രേറിയൻ ഗ്രേഡ് IV - 1 |

**സെക്ഷൻ ഓഫീസർ**